# # Palakkad Police Action #

## യുവാവിന്റെ കാൽ അടിച്ചൊടിച്ച സംഭവത്തിൽ അഞ്ചു പേർ അറസ്റ്റിൽ

പണമിടപാട് തർക്കത്തെത്തുടർന്നുണ്ടായ വൈരാഗ്യം വെച്ച് എട്ടംഗ സംഘം യുവാവിന്റെ മുട്ടുകാൽ തല്ലിയൊടിച്ച സംഭവത്തിൽ അഞ്ചു പേരെ ടൗൺ നോർത്ത് പോലീസ് അറസ്റ്റു ചെയ്തു. മൂത്താൻ തറ, ശ്രീരാം പാളയം സ്വദേശി ജിഷ്ണു വ :23 വിന്റെ കാലാണ് ഇരുമ്പ് വടികൊണ്ട് അടിച്ചൊടിച്ചത്. അഞ്ചു പ്രതികളെയും സംഭവസ്ഥലത്തു വെച്ചു തന്നെ SI. S. ഷമീറും സംഘവും കസ്റ്റഡിയിലെടുത്തു. മൂന്നു പേർ ഓടി രക്ഷപ്പെട്ടു. വടക്കന്തറ, മുത്താൻ തറ സ്വദേശികളായ ജയൻ വ :30,സന്തോഷ് എന്ന കുട്ടുമണി വ : 32, പ്രസാദ് എന്ന വെള്ള വ : 31, കൃഷ്ണപ്രസാദ് വ : 35, പ്രസാദ് എന്ന പച്ച വ : 28 എന്നിവരെയാണ് അറസ്റ്റു ചെയ്തത്. പ്രതികൾക്കെതിരെ നേരത്തെ പാലക്കാട് ടൗൺ നോർത്ത്, സൗത്ത് പോലീസ് സ്റ്റേഷനുകളിലായി കൊലപാതകശ്രമം ഉൾപ്പെടെ നിരവധി കേസ്സുകൾ ഉണ്ട്. പ്രതികളെ ഇന്ന് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

ടൗൺ നോർത്ത് SI. S.ഷമീർ , ASI സുന്ദരൻ CP0 മാരായ H. മുഹമ്മദ് ഷരീഫ്. M. സുനിൽ, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, പ്രതീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.

